## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:993** 28.04.2017 ൽ മറുപടിയ്ക്ക്

### ഹാരിസൺ മലയാളം കമ്പനിയുടെ തോട്ടങ്ങൾ

**ചോദ്യം**
**ശ്രീ.മോൻസ് ജോസഫ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം കമ്പനിയുടെ കീഴിൽ എത്ര തോട്ടങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളത്; | (എ) ഹാരിസൺസ് മലയാളം കമ്പനികളുടെ മുൻഗാമികളായ M/s മലയാളം പ്രാന്റേഷൻസ് (യുകെ.) ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് 7 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്) 75063 ഏക്കറോളം സർക്കാർ ഭൂമിയാണ് കൈവശം വച്ചിരുന്നത് ആയതിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ഹാരിസൺസ് മലയാളം കമ്പനി കൈവശം വച്ചു വരുന്നത് 30,019.95 ഏക്കറാണ്. ഇതിൽ 35 തോട്ടങ്ങൾ ഉൾപ്പെടുന്നു. ടി ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ വിഷയം ഇപ്പോൾ ബഹു: ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്. സ്റ്റേ നിലനിൽക്കുന്നതിനാൽ മറ്റു ജില്ലകളിൽ ഹാരിസൺസ് മലയാളം കൈവശം വയ്ക്കുന്ന ഭൂമിയുടെ വിവരങ്ങൾ പ്രത്യേകമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. |
| (ബി) | ഈ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;ഇവയിൽ എത്രയെണ്ണം ഏറ്റെടുത്തു; ഇല്ലെങ്കിൽ ഇവയോടനുബന്ധിച്ചുള്ള കേസ്സുകളുടെ അവസ്ഥ വ്യക്തമാക്കാമോ; | (ബി) ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശംവയ്ക്കുന്ന കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ 35 തോട്ടങ്ങൾ ഉൾപ്പെടുന്ന 30,019.95 ഏക്കർ ഭൂമി ഏറ്റെടുത്തു കൊണ്ട് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സ്പെഷ്യൽ ഓഫീസറുടെ ഉത്തരവിനെതിരെ കമ്പനികളും വ്യക്തികളും ഫയൽ ചെയ്ത വിവിധ കേസുകളിൽ ബഹു. ഹൈക്കോടതി സ്റ്റേ അനുവദിച്ചിട്ടുള്ളതാണ്. കേസുകൾ ഇപ്പോൾ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്. |

| | | |
|---|---|---|
| (സി) | കേരളാ ഭൂ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ കമ്പനിക്ക് ബാധകമാണോ;വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടനുസരിച്ച് കേരള ഭൂസംരക്ഷണ നിയമത്തിന്റെ വ്യവസ്ഥകൾ കമ്പനിക്ക് ബാധകമാണ്. കമ്പനി കൈവശം വച്ച വരുന്ന ഭൂമികൾ കേരള ഭൂ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. എച്ച്.എം.എൽ കൈവശംവച്ച വരുന്ന ഭൂമിയുടെ മുൻകൈവശക്കാരായ മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് എന്ന കമ്പനി ഇംഗ്ളണ്ടിൽ രജിസ്റ്റർ ചെയ്ത ഒരു വിദേശകമ്പനിയാണ്. ടി ഭൂമി ഗ്രാന്റുകൾ, ലീസുകൾ എന്നിവ പ്രകാരം ഫ്രീഹോൾഡ്, ലീസ്ഹോൾഡ് എന്ന നിലയിൽ ടി വിദേശകമ്പനി കൈവശം വച്ച വന്നിരുന്നതും ജന്മാവകാശം ഇല്ലാതിരുന്നതുമാണ്. വിദേശ കമ്പനി കെ.എൽ.ആർ ആക്ടിന്റെ സെക്ഷൻ 2(43) പ്രകാരമുള്ള 'person' എന്ന നിർവചനത്തിൽ വരാത്തതാണ്. ആയതിനാൽ ടി വിദേശകമ്പനി കാർഷിക കുടിയാനെന്ന നിർവ്വചനത്തിലും വരുന്നില്ല. ടി ഭൂമികൾ കെ.എൽ.ആർ ആക്ട് സെക്ഷൻ 51എ, 51ബി, 72(1), 86 & 86(4) എന്നിവ പ്രകാരം സർക്കാരിലേക്ക് നിക്ഷിപ്തമാകുന്ന ഭൂമികളാണ്. ഇക്കാരണങ്ങളെല്ലാം കൊണ്ട് തന്നെ എച്ച്.എം.എൽ കൈവശം വച്ച വരുന്ന ഭൂമിക്ക് കേരള ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെല്ലാം തന്നെ ബാധകമാണ്. |

സെക്ഷൻ ഓഫീസർ